പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1637** **16-10-2026-ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷയും വാഹന അപകട ഇൻഷ്വറൻസും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജീവ് ജോസഫ്
ശ്രീ. റോയി. കെ. പൗലോസ്
ശ്രീ. പഴകുളം മധു
ശ്രീ. റോണി. കെ. ബേബി

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ തിരക്കേറിയ പ്രധാന റോഡുകളിലെ സീബ്രാ ക്ലോസിങ്ങുകളുടെ വീതി മൂന്ന് മീറ്ററിൽ നിന്ന് ആറ് മീറ്റർ ആക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** കാൽനടയാത്രക്കാരുടെ സുരക്ഷ മുൻനിർത്തി തിരക്കേറിയ പ്രധാന റോഡുകളിലെ സീബ്രാ ക്രോസിങ്ങുകളുടെ വീതി നിലവിലുള്ളതിൽ നിന്ന് വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ട്. IRC: 103-2022 മാനദണ്ഡങ്ങൾ പ്രകാരം സീബ്രാ വരികളുടെ വീതി 2 മുതൽ 4 മീറ്റർ വരെയാണെങ്കിലും, കാൽനടയാത്രക്കാരുടെ സുരക്ഷയും മികച്ച ഡ്രൈവർ ഗ്രഹണശക്തിയും (Driver Perception) ഉറപ്പാക്കുന്നതിനാണ് ഈ മാറ്റങ്ങൾ നടപ്പിലാക്കുന്നത്. ആദ്യ പടി എന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ കിഴക്കേകോട്ട, പട്ടം, സ്റ്റാച്യു ഉടങ്ങിയ പ്രധാന സ്ഥലങ്ങളിൽ സീബ്രാ ക്രോസിങ്ങുകളുടെ വീതി നിലവിലുള്ള 2-4 മീറ്ററിൽ നിന്ന് 6 മുതൽ 8 മീറ്റർ വരെയാക്കി വികസിപ്പിക്കുന്നതിനു റോഡിന്റെ ഇരുവശത്തുമുള്ള ബാരിക്കേഡുകളുടെ വ്യാപ്തി കുറച്ചുകൊണ്ട് നടപ്പാതകളും (Footpath) നടപ്പാതയിലേക്കുള്ള പ്രവേശന കവാടങ്ങളും വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഡിസൈൻ സ്പെസിഫിക്കേഷനുകൾ തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കിഴക്കേകോട്ടയിൽ സീബ്രാ ക്രോസിങ് വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ (KRSA) ഭരണാനുമതിയും ഫണ്ടും മോട്ടോർ വാഹന വകുപ്പിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും, തിരക്കേറിയ റോഡുകളിലും കാൽനടയാത്രക്കാരുടെ സുരക്ഷക്കായി പെഡസ്ട്രിയൻ ക്രോസിംഗുകൾ സീബ്രാ ക്രോസിംഗുകൾ, പെലിക്കൻ/സിഗ്നൽ ക്രോസിംഗുകൾ ഉൾപ്പടെയുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും മോട്ടോർ വാഹന വകുപ്പ്, റോഡ് സുരക്ഷ അതോറിറ്റി, പൊതുമരാമത്തു വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള പോലീസ്, നാറ്റ്പാക് എന്നിവയുടെ സഹകരണത്തോടെ നടപടി സ്വീകരിച്ചു വരുന്നു

**(ബി)** വാഹന അപകട ചികിത്സയ്ക്ക് ഒന്നരലക്ഷം രൂപ വരെ സഹായം ലഭിക്കുന്ന പി.എം. റാഹത്ത് പദ്ധതി, കേന്ദ്ര സർക്കാരുമായി ചേർന്ന് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** വാഹന അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരുമായി ചേർന്ന് 'PM-RAHAT' (പി.എം. റാഹത്ത്) പദ്ധതിയുടെ പൈലറ്റ് പദ്ധതി എന്ന നിലയിൽ സംസ്ഥാനത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ആരോഗ്യവകുപ്പുമായി ചേർന്ന് കേരള റോഡ് സുരക്ഷാ അതോറിറ്റി (KRSA) യാണ്. 'PM-RAHAT' (പി.എം. റാഹത്ത്) പദ്ധതി സംസ്ഥാനത്തൊട്ടാകെ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിൽ PM-JAY പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ PM RAHAT കൂടി നടപ്പിൽ വരുത്തുന്നതിനുള്ള പരിശീലനം, എല്ലാ ജില്ലകളിലും സ്റ്റോക്ക്ഹോൾഡർ യോഗങ്ങൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോഗ് (AB PM-JAY) പദ്ധതിയിൽ ഉൾപ്പെടാത്ത പ്രൈവറ്റ് മെഡിക്കൽ കോളേജുകളെയും മറ്റ് ആശുപത്രികളെക്കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു നടപടികൾ പുരോഗമിച്ചു വരുന്നു. ടി പദ്ധതിയുടെ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലെയും പോലീസ് ഉദ്യോഗസ്ഥർക്കു IRAD-ലെ PM Rahat മോഡ്യൂൾ പരിശീലനവും പൂർത്തികരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഈ പദ്ധതിക്കായി പ്രധാനമായും രണ്ട് തരത്തിലുള്ള ഫണ്ടുകളാണ് ഉപയോഗിക്കുന്നത്. ഒന്നാമതായി, അപകടത്തിൽപ്പെടുന്ന വാഹനത്തിന് സാധുവായ തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉള്ള കേസുകളിൽ ജനറൽ ഇൻഷ്വറൻസ് കമ്പനികളുടെ വിഹിതത്തിൽ നിന്നും രൂപീകരിച്ചിട്ടുള്ള *Account for Insured Vehicles* നുള്ള ഫണ്ടിൽ നിന്നും, രണ്ടാമതായി, ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ, വാഹനം ഏതെന്നറിയാത്ത ഹിറ്റ് ആൻഡ് റൺ കേസുകൾ, അല്ലെങ്കിൽ പോലീസിൽ നിന്നും സമയബന്ധിതമായി മറുപടി ലഭിക്കാത്തതുമൂലം ടൈം ഔട്ട് ആകുന്ന കേസുകൾ എന്നിവയ്ക്കായി റോഡ് ഗതാഗത ദേശീയപാത മന്ത്രാലയത്തിന്റെ (MoRTH) ബജറ്റ് വിഹിതത്തിൽ നിന്നും രൂപീകരിച്ചിട്ടുള്ള Account for Uninsured Vehicles or Hit and Run Motor Accident നിന്നുമാണ് തുക ചെലവഴിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ രണ്ട് തരം ഫണ്ടുകളിലൂടെയുള്ള നടപടികളും വിജയകരമായി നടപ്പിൽ വരുത്തിയിട്ടുള്ളതും, പ്രസ്തുത ആശുപത്രിക്ക് ഈ രണ്ട് ഫണ്ടുകളിൽ നിന്നും ചികിത്സാ ചെലവിനുള്ള റീ-ഇംബേഴ്സ്മെന്റ് ലഭിച്ചിട്ടുള്ളതുമാണ്.

**(സി)** സംസ്ഥാനത്ത് സമഗ്ര ഗതാഗത സാക്ഷരതായജ്ഞം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് റോഡ് അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി 06.10.2026 ലെ സ.ഉ(കൈ)നമ്പർ 24/2026/ഗതാ നമ്പർ ഉത്തരവ് പ്രകാരം സമഗ്രമായ റോഡ് സുരക്ഷാ നടപടികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗതാഗത കമ്മീഷണറുടെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും "കേരള റോഡ് സുരക്ഷാ മിഷൻ" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ റോഡ് അപകട മരണങ്ങൾ പകുതിയായി കുറയ്ക്കുക എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം

നാഷണൽ ഹൈവേ 66 പോലുള്ള മൾട്ടിലൈൻ ആധുനിക പാതകളുടെ വികാസത്തിന്റെ പശ്ചാത്തലത്തിൽ, സേഫ് ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ട്രാഫിക് നിയമങ്ങൾ കർശനമാക്കുന്നതിനും കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സമഗ്രമായ ഒരു ട്രാഫിക് നയം രൂപീകരിക്കുകയെന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്. പൊതുജനങ്ങളിൽ കൃത്യമായ അവബോധം വളർത്തി ഒരു പുതിയ റോഡ് സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഈ പ്രവർത്തനങ്ങൾക്കാവശ്യമായ തുക കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും ഗതാഗത കമ്മീഷണറുടെ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്.

സമഗ്രമായ ബോധവൽക്കരണത്തോടൊപ്പം തന്നെ കർശനമായ നിയമപാലനവും (Enforcement) റോഡുകളിലെ ന്യൂനതകൾ പരിഹരിക്കുന്ന എഞ്ചിനീയറിംഗ് നടപടികളും (Engineering Measures) ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി നടപ്പിൽ വരുത്തി, പ്രധാന പാതകളിലെ റോഡ് അപകടങ്ങളും അപകടമരണങ്ങളും ഗണ്യമായി കുറയ്ക്കുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി അപകടസാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തൽ, റോഡ് സുരക്ഷ സർവേകൾ, എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നിയമലംഘന നിരീക്ഷണം, റോഡ് സുരക്ഷാ ബോധവൽക്കരണം, റോഡ് അടിസ്ഥാനസൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് സർക്കാർ പ്രാധാന്യം നൽകുന്നു

**സെക്ഷൻ ഓഫീസർ**